**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 634** **17-09-2025 - ൽ മറുപടിയ്ക്ക്**

**സംരംഭക സഹായ പദ്ധതിയിലെ മുൻഗണനാ വ്യവസായങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി.പി. സുമോദ്</td><td colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംരംഭക സഹായ പദ്ധതിയിലെ മുൻഗണനാ വ്യവസായ വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യവസായങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?</td><td>(എ)</td><td>സംരംഭക സഹായ പദ്ധതി(ESS)<br><br>28.12.2012 ലെ സ.ഉ(കൈ)നം.156/2012/വ്യവ, 24.11.2020 ലെ സ.ഉ(കൈ) നം.103/2020/വ്യവ എന്നീ ഉത്തരവുകൾ പ്രകാരം സംരംഭക സഹായ പദ്ധതിയിലെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യവസായങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ.<br>2. കാർഷികാധിഷ്ഠിതവും ഭക്ഷ്യ സംസ്കരണ വ്യവസായങ്ങളും.<br>3. റെഡിമേയ്ഡ് ഗാർമെന്റ്സ് വ്യവസായങ്ങൾ.<br>4. പരമ്പരാഗതമല്ലാത്ത ഊർജ്ജ സ്രോതസ്സുകൾക്ക് വേണ്ട ഉപകരണങ്ങളും യന്ത്രങ്ങളും നിർമ്മിക്കുന്ന വ്യവസായങ്ങൾ.<br>5. ബയോ ടെക്നോളജി അടിസ്ഥാനമാക്കിയ വ്യവസായങ്ങൾ.<br>6. 100% കയറ്റുമതി ലക്ഷ്യമാക്കിയ യൂണിറ്റുകൾ.<br>7. ജൈവവിഘടനസാധ്യതയുള്ള പ്ലാസ്റ്റിക് വ്യവസായങ്ങൾ.<br>8. പ്ലാസ്റ്റിക് മാലിന്യങ്ങൾ റിസൈക്കിൾ ചെയ്യുന്ന വ്യവസായങ്ങൾ.<br>9. ജൈവ വള നിർമ്മാണ വ്യവസായങ്ങൾ.<br>10. ഫാർമസ്യൂട്ടിക്കൽ വ്യവസായങ്ങളും ഹെൽത്ത് കെയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായങ്ങളും.</td></tr>
</table>

സെക്ഷൻ ഓഫീസർ